(ഡി) നെടുമങ്ങാട് താലൂക്കിന്റെ കേന്ദ്രമായ നെടുമങ്ങാട് ടൗൺ ഒരു മുനിസിപ്പാലിറ്റിയായി വളർന്ന് പരിഷ്കൃതമാകുമെന്ന് ആ പഞ്ചായത്തിന്റെ അതിർത്തികൾക്ക് മാറ്റം വരുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1956 ജൂലൈ 5-ാംതീയതി ഇപ്പോഴുള്ള പഞ്ചായത്തുകളുടെ കാലാവധി അവസാനിക്കുന്നതാണ്.

(ബി) പുതിയ തിരഞ്ഞെടുപ്പ് എന്നു നടത്തണമെന്നുള്ള കാര്യം പര്യാലോചനയിലിരിക്കുകയാണ്.

(സി) പുതിയ തിരഞ്ഞെടുപ്പിനുമുമ്പായി ആവശ്യമെന്നു ബോദ്ധ്യപ്പെടുന്നപക്ഷം പഞ്ചായത്തുകളുടെ അതിർത്തിമാറ്റവും വരുത്തുന്നതാണ്.

(ഡി) നെടുമങ്ങാട് ടൗൺ ഒരു മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിനെപ്പറ്റി ഇപ്പോൾ യാതൊരു ആലോചനയുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പഞ്ചായത്തുകളുടെയും കാലാവധി മുനിസിപ്പാലിറ്റികളെപ്പോലെ മൂന്നു വർഷത്തിൽ കൂടുതലായി വർദ്ധിപ്പിക്കുന്നതിനു ആലോചനയുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ആലോചനയില്ല. ഇപ്പോൾ മൂന്നുവർഷമെന്നു വച്ചിരിക്കുകയാണ്.

ശ്രീ. കെ. പി. ഹാർമിസ് : പഞ്ചായത്തുകളുടെ വാർഡുകൾ പുനർവിഭജനം ചെയ്യണമെന്നു ഗവണ്മെന്റിനു നിവേദനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : മുനിസിപ്പാലിറ്റികളുടെ കാലാവധി നീട്ടിയതുപോലെ പഞ്ചായത്തുകളുടെ കാലാവധിയും നീട്ടുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസ് : കാലാവധി തീർന്നാൽ ഉടനെ തിരഞ്ഞെടുപ്പു നടത്തുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയാണ് വേണ്ടതു്.

ദേവികുളം പട്ടം കോളനി.

* 149. [21] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ ദേവികുളത്തു പട്ടം കോളനിയിൽ സ്ഥലം കിട്ടുന്നതിനുവേണ്ടി എത്ര അപേക്ഷകരുണ്ടായിരുന്നു ;

(ബി) എത്രപേർക്കു സ്ഥലം കൊടുത്തു ;

(സി) എത്രപേർ അവിടെ ഇപ്പോൾ താമസിച്ചുവരുന്നുണ്ട് ;

(ഡി) അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 7,308 അപേക്ഷകർ.

(ബി) ഇരുന്നൂറു കുടുംബങ്ങൾക്കു പട്ടം കോളനിയിൽ സ്ഥലം കൊടുത്തു.

(സി) 154 കുടുംബങ്ങൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്.

(ഡി) ഭവനനിർമ്മാണം, ജലസേചനസൗകര്യം, കൃഷിവായ്പ കൊടുക്കൽ, കൃഷിയായുധവിതരണം, തുടങ്ങി പല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. എ. സി. ചാക്കോ : എഴായിരത്തിൽപരം അപേക്ഷകരുണ്ടായിരുന്നിട്ടും, ഇരുന്നൂറു കുടുംബങ്ങൾക്കുമാത്രം സൗകര്യം നൽകിയതു എന്തുകൊണ്ടാണു?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇനിയുമുണ്ടു് 1,435 പേർക്കു് അവിടെ താമസസൗകര്യം നൽകിയിട്ടുണ്ടെന്നാണറിയുന്നതു്.

ശ്രീ. സി. എ. മാത്യു : സ്ഥലം കിട്ടാതെയും, മറ്റാനുകൂല്യങ്ങൾ ലഭിക്കാതെയും എത്രപേർ മടങ്ങിപ്പോയിട്ടുണ്ടു്; ഗവണ്മെന്റിൽനിന്നും ലഭിക്കുമെന്നു പ്രതീക്ഷിച്ചു ആനുകൂല്യങ്ങൾ ലഭിക്കാതെ ചിലർ മടങ്ങിപ്പോയതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു ശരിയല്ല. ആനുകൂല്യങ്ങൾ എല്ലാം തന്നെ ഇപ്പോൾ ചെയ്തുകൊടുക്കുന്നുണ്ടു്.

ശ്രീ. എം. എം. മത്തായി : ഈ സ്ഥലം അലോട്ടുചെയ്തുകൊടുക്കുന്നതു ആരാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ഥലം അലോട്ടുചെയ്തുകൊടുക്കുന്നതു ഒരു കമ്മിറ്റിയാണു്.

ശ്രീ. എ. താണുപിള്ള : അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ അവിടെയുള്ള ഉദ്യോഗസ്ഥൻ, അവിടത്തെ സ്പെഷ്യൽ ആഫീസറാണു്.

ശ്രീ. എം. എം. മത്തായി : അദ്ദേഹത്തിന്റെ പേരിൽ അനേകം പരാതികൾ ഉള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ പരാതിയുള്ളതായി കണ്ടിട്ടില്ല.

ശ്രീ. സി. എ. മാത്യു : താമസക്കാർക്കു ചെയ്തുകൊടുക്കേണ്ട ആനുകൂല്യങ്ങൾ ഒന്നും ചെയ്തുകൊടുക്കുന്നില്ലെന്നു പരാതിയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ ഒരു പരാതിയും ഇല്ല.

ശ്രീ. എം. പി. എം. മത്തായി : പട്ടം കോളനിയിൽ എത്ര കുടുംബക്കാർക്കു താമസിക്കാം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇരുന്നൂറു കുടുംബക്കാർക്കു താമസിക്കാം. മറയൂർ, കല്ലാർ മുതലായ കോളനികളിലെല്ലാമായി 1,435 ആളുകൾക്കു താമസിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : എല്ലാ സ്ഥലത്തുമായി എത്ര കുടുംബങ്ങൾ ഇപ്പോൾ താമസമായിട്ടുണ്ട് ?

ശ്രീ. കെ കൊച്ചുകുട്ടൻ : ഇന്നലെ, 8-ാംതു കൂടെ ആളുകളെ തിരഞ്ഞെടുക്കാൻ നിശ്ചയിച്ചിരുന്നു. അതു കഴിഞ്ഞതിൽ 1,435 ആളുകൾ.

ശ്രീ. എ. താണുപിള്ള : സർ, എനിക്കു അവിടെനിന്നും പല എഴുത്തുകളും, പരാതികളും ലഭിക്കുന്നുണ്ട്; ഗവണ്മെൻറ് അവർക്കു യാതൊരു സഹകരണങ്ങളും ചെയ്യുന്നില്ല. അങ്ങു വിചാരിച്ചാലെങ്കിലും ഞങ്ങളെ തിരിച്ചുവിടുന്നതിനു വഴിയുണ്ടോ എന്നും മറ്റും. അവിടെ എത്രപേരെ താമസിപ്പിക്കാൻ ആലോചിക്കുന്നു, എന്നൊന്നുമല്ല എനിക്കറിയേണ്ടതു്. ഇതിനകം എത്ര കുടുംബക്കാർ അവിടെ താമസമാക്കികഴിഞ്ഞു, ഇനിയും എത്ര കുടുംബക്കാരെ താമസിപ്പിക്കും എന്നെല്ലാമാണു വ്യക്തമായി അറിയേണ്ടതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : 1,435 ആളുകളുള്ളതിൽ, ഇന്നലെ തിരഞ്ഞെടുത്തവരും ആദ്യത്തെയാളിൽ 46 പേരും വന്നുചേർന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള : അവക്കെല്ലാം വീടുണ്ടാക്കികൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാവക്കും വീടു ആയിട്ടില്ല.

ശ്രീ. എ. താണുപിള്ള : എത്ര പേർക്കു വീടുണ്ടാക്കിയിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ, വീടുണ്ടാക്കുന്നതിനു ഗ്രാൻറു കൊടുക്കുകയാണു്. പണംകൊടുത്തിട്ടു അവരെക്കൊണ്ടുതന്നെ വീടുവയ്ക്കുകയാണു്.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ എത്ര വീടുണ്ടാക്കിയിട്ടുണ്ടു് ; സർ, ഇതിനുപുറമേ ഗവണ്മെൻറിനു എന്തെങ്കിലും തൽപര്യം ഉണ്ടോ; ഇല്ലെങ്കിൽ അതങ്ങു നിവർത്തിക്കുകയുന്നതാണു നല്ലതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ആദ്യമായി എട്ടുപത്തു വീടുകൾ ഉണ്ടാക്കി. അതു മാത്രമാത്രം ഉപയോഗപ്രദമല്ലെന്നു കണ്ടിട്ടു്, കാൺട്രാക്ടുകൊടുത്തു വീടുകൾ വയ്ക്കാൻ ഏർപ്പാടുചെയ്തു. അങ്ങനെ 40 വീടുകൾ കല്ലാറിലും 40 വീടുകൾ മറയൂരിലും ഉണ്ടാക്കി. അതും ശരിയല്ലെന്നു തോന്നിയതുകൊണ്ടു, വീടൊന്നിനു് 500 രൂപവീതം അനുവദിച്ചിട്ടുള്ളതു് ഇൻസ്റ്റാൾമെൻറായിട്ടു കൊടുത്തു അവരവർതന്നെ വീടുണ്ടാക്കാൻ ഏർപ്പാടുചെയ്തു.

ശ്രീ. എ. താണുപിള്ള : അങ്ങനെ എത്ര വീടുകളുണ്ടാകും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു കാൽക്കുലേറ്റുചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഇതിനകം എത്ര വീടുകൾ ആയിനമായി തീർത്തിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : നോട്ടീസു വേണം.

ശ്രീ. എ. താണുപിള്ള : ഇതു നു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സർവ്വെ നടത്താൻ ചാർജ്ജുണ്ടായിരുന്ന ആളാണ്.

ശ്രീ. എ. താണുപിള്ള : അദ്ദേഹത്തിനു് എന്തെല്ലാം ജോലിയാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആദ്യം സ്ഥലം സർവ്വെ ചെയ്യുന്നതിൽ മേൽനോട്ടം ഉണ്ടായിരുന്നു. അതു് നംപ്പറമെ ാളനിലെ ആളുകൾക്കു വീടു വെക്കികൊടുക്കുക, കൃഷി സൗകര്യം ചെയ്തുകൊടുക്കുക എന്നീ ജോലികളും നോക്കിവരുന്നു.

ശ്രീ. എ. താണുപിള്ള : ഈ ഉദ്യോഗസ്ഥന്റെ സ്റ്റാറ്റസ് എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഡെപ്യൂട്ടി കളക്ടരാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പട്ടം കോളനിയിൽ പട്ടിക ജാതിക്കാർ താമസിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓരോ വിഭാഗക്കാരുടെയും പ്രത്യേക കണക്കില്ല. പട്ടിക ജാതിക്കാരും കാണും.

ശ്രീ. എ. കുഞ്ഞൻ നാടാർ : അവിടെ വീടു വയ്ക്കാൻ കൊടുത്ത സ്ഥലം ധനവാന്മാർക്കു് വിറ്റിട്ടു് ആരുപേർ പോയിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ കൊടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : അവിടെ സ്ഥലം കിട്ടിയിട്ടുള്ളവർ ആരെങ്കിലും അതു് ഉപേക്ഷിച്ചിട്ടു പോയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചിലർ പോയിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അങ്ങനെ സ്ഥലം ഉപേക്ഷിച്ചു പോയിട്ടുള്ളവർ അദ്ധ്വാനശീലരല്ലെന്നു് മുമ്പു് മന്ത്രി പറയുകയുണ്ടായിട്ടുണ്ടു്. തരിശിനെ എടുക്കുന്നവർ അദ്ധ്വാനശീലരാണെന്നു ബോദ്ധ്യമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അദ്ധ്വാനശീലമുള്ളവരെന്നു് അറിഞ്ഞിട്ടാണു് സ്ഥലം കൊടുക്കുന്നതു്.

Scholarships.

* 150. [22] SHRI A. A. D. LUIZ : Will the Minister for Local Self Government be pleased to state the exact number of students that have received scholarships from the Secretary, Scheduled Castes and Scheduled Tribes Scholarship Board, New Delhi ?

Minister for Local Self Government (SHRI K. KOCHUKUTTAN) : During 1955-56, 975 students were awarded the Government of India scholarships.

LIBRARY ARCHIVES Kerala Legislative Assembly